പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 228

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 228

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1034/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 228

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് ഇനി പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ 3-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിൽ (എ) ഖണ്ഡം ഒഴിവാക്കി ഇനി പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്;

"(എ) പ്രായപരിധിയില്ലാതെ അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന്.".

3. 6-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്ടിന്റെ 6-ാം വകുപ്പിൽ (1)-ാം ഉപവകുപ്പ് ഒഴിവാക്കി താഴെ പറയും പ്രകാരം ചേർക്കുക:

"(1) 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള ഓരോ പ്രവാസി കേരളീയനും നിധിയിലെ ഒരു അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

(2) (2)-ാം ഉപവകുപ്പ് ഒഴിവാക്കി താഴെപ്പറയും പ്രകാരം മാറ്റുക:

"(2) 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും തൊഴിലിനോ അല്ലെങ്കിൽ മറ്റ് വിധത്തിലോ കേരളത്തിൽ നിന്നും പുറത്തു പോയിട്ടുള്ളവരും ആറ് മാസത്തിലധികമായി കേരളത്തിന് പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും, അവിടെത്തന്നെ തുടരുകയും ചെയ്യുന്ന ഓരോ പ്രവാസി കേരളീയനും കൂടി നിധിയിലെ ഒരംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

4. 8-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിന്റെ എട്ടാം വകുപ്പിൽ (1)ഉപവകുപ്പിൽ "ആറുപത് വയസ്സ് പൂർത്തിയായിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "പ്രായപരിധിയില്ലാതെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നമ്മുടെ സമ്പദ്ഘടനയിൽ കാര്യമായ മാറ്റം വരുത്തിയത് പ്രവാസികളുടെ പ്രയത്നത്തിന്റെ ഭാഗമാണ്. തൊഴിലില്ലായ്മ എന്ന പ്രതിസന്ധിയെ തരണം ചെയ്ത് ഗൾഫ് നാടുകളിൽ പോയി കഠിനാദ്ധ്വാനം ചെയ്ത് നാട്ടിൽ അയക്കുന്ന സമ്പത്ത് നമ്മുടെ നാടിന്റെ പുരോഗതിക്ക് വഴികാട്ടിയായി മാറിയിരിക്കുന്നു. ആഗോള സാമ്പത്തിക മേഖല പ്രതിസന്ധിയിലായതോടെ പ്രവാസികളുടെ ജീവിതവും അവതാളത്തിലായി എന്നുള്ളത് യാഥാർത്ഥ്യമാണ്.

ജീവിതത്തിന്റെ നല്ലൊരു ഭാഗവും ഗൾഫ് നാടുകളിൽ ചെലവഴിച്ച് തിരികെ എത്തുന്ന പ്രവാസികൾക്ക് ആവശ്യമായ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യേണ്ടതാണ്. വിദേശത്തും സ്വദേശത്തും പോയി പണിയെടുത്ത് വലിയ സമ്പത്ത് കൊയ്യുന്ന ആ സഹോദരങ്ങൾ തിരിച്ചുവന്നാൽ അവരുടെ കുടുംബങ്ങൾക്കും നാടിനും ഒരു ഭാരമായി മാറുകയാണ്. അവർക്ക് വേണ്ട സാമൂഹ്യ സുരക്ഷാ പദ്ധതികൾ അത്യാവശ്യമാണ്. വിദേശത്തുനിന്നും സ്വദേശത്തു നിന്നും എത്തുന്ന പ്രവാസികൾക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ അംഗങ്ങളാകുവാൻ നിലവിൽ ഏറെ പ്രയാസമാണ്. 2008-ൽ ഉണ്ടാക്കിയ നിയമം അനുസരിച്ച് 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും 55 പൂർത്തിയായിട്ടുള്ളവർക്കും ഈ പദ്ധതിയിൽ അംഗമായി ചേരാം. എന്നാൽ 55 വയസ്സ് എന്ന നിബന്ധനമൂലം നിരവധി പ്രവാസികൾക്ക് ഈ പദ്ധതിയിൽ അംഗങ്ങളാകുവാൻ കഴിഞ്ഞിരുന്നില്ല. 2015-ലെ ഭേദഗതിയിലൂടെ 55 വയസ്സ് എന്നത് 60 വയസ്സായി ഉയർത്തിയെങ്കിലും നിരവധി പദ്ധതിയിൽ അംഗമാകുവാൻ കഴിയുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ പ്രവാസികൾക്ക് ഗുണം കിട്ടുകയുള്ളൂ ആയതിനാൽ 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ പ്രവാസികൾക്കും അംഗങ്ങളാകുവാൻ വേണ്ടിയുള്ളതാണ് 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തുവാൻ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.